# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *3** **04.06.2018-ൽ മറുപടിക്ക്**

**ആർ.എസ്.എസ്. നടത്തുന്ന കായികാക്രമണ പരിശീലനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജയിംസ് മാത്യു<br>ശ്രീ. സി. കെ. ഹരീന്ദ്രൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>പ്രൊഫ. കെ.യു. അരുണൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ജനസമ്മതി നേടിയ പൊതുപ്രവർത്തകരെ നിഷ്ഠുരമായി വധിച്ച് കേരളത്തെ സംഘർഷഭരിതമാക്കാൻ സംഘപരിവാർ നടത്തുന്ന ശ്രമത്തിന് തടയിടാൻ വേണ്ട ശക്തമായ ഇടപെടൽ നടത്താൻ പോലീസിന് കർശന നിർദ്ദേശം നൽകുമോ; | (എ) കർശന നടപടി സ്വീകരിക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പ്രഥമ വർഷ ശിക്ഷാ വർഗ്, ദ്വിതീയ വർഷ ശിക്ഷാ വർഗ് തുടങ്ങി ആർ.എസ്.എസ്. നടത്തി വരുന്ന കായികാക്രമണ പരിശീലനം പോലീസ് നിരീക്ഷിക്കാറുണ്ടോ; | (ബി) സംസ്ഥാനത്ത് ആർ.എസ്.എസ്. നടത്തി വരുന്ന എല്ലാ കായികാക്രമണ പരിശീലന പ്രവർത്തനങ്ങളെ സംബന്ധിച്ചും പോലീസ് നിരീക്ഷണം നടത്തി വരുന്നു. |
| (സി) എയിഡഡ് സ്കൂളായ കൂത്തുപറമ്പ് തൊക്കിലങ്ങാടി എച്ച്.എസ്.എസ്., അൺഎയിഡഡ് സ്കൂളായ പാറശ്ശാല ഭാരതീയ വിദ്യാപീഠം സെൻട്രൽ സ്കൂൾ തുടങ്ങിയ സ്കൂളുകളിൽ മൂന്നാഴ്ച നീണ്ടുനിന്ന ഇത്തരത്തിലുള്ള ആക്രമണ പരിശീലനം നടത്തിയെന്ന മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ നിയമവിരുദ്ധ പ്രവർത്തനത്തിന് കൂട്ടുനിന്ന സ്കൂൾ മാനേജ്മെന്റുകൾക്കെതിരെയും | (സി) കൂത്തുപറമ്പ് തൊക്കിലങ്ങാടി എയിഡഡ് ഹയർ സെക്കൻഡറി സ്കൂളിലും പാറശ്ശാല ഭാരതീയ വിദ്യാപീഠം അൺഎയിഡഡ് സെൻട്രൽ സ്കൂളിലും ആർ.എസ്.എസ്. പ്രവർത്തകർക്കും കുട്ടികൾക്കുമായി പഠനക്യാമ്പും പരിശീലന കളരിയും സ്കൂൾ അധികൃതരുടെ അനുമതിയോടെ നടത്തിയതായി അറിവായിട്ടുണ്ട്. 05.04.2000-ലെ ബഹു. |

പരിശീലനം സംഘടിപ്പിച്ചവർക്കെതിരെയും പരിശീലനം നേടിയവർക്കെതിരെയും നിയമ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഹൈക്കോടതിയുടെ വിധി പ്രകാരം സ്കൂൾ വക കെട്ടിടങ്ങളും വസ്തുക്കളും വിദ്യാഭ്യാസപരമായ ആവശ്യങ്ങൾക്കല്ലാതെ മറ്റൊന്നിനും ഉപയോഗിക്കാൻ പാടില്ല എന്ന കാര്യം ഉറപ്പ വരുത്തുവാനുള്ള വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം നിലനിൽക്കേ ഇത്തരത്തിൽ അനുമതി നൽകിയ അധികൃതർക്കെതിരെ നടപടിയെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**